**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2760** **13-02-2024 - ൽ മറുപടിയ്ക്ക്**

**വീടിന് ഭീഷണിയായ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ അടിമാലി കെ.എസ്.ഇ.ബി. സെക്ഷന് കീഴിൽ കൺസ്യൂമർ നമ്പർ 11561700010625 ഉടമയുടെ വീടിനോട് ചേർന്ന് അപകടകരമായ രീതിയിലുള്ള വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നല്കിയ പരാതിയിന്മേൽ നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇടുക്കി ജില്ലയിലെ അടിമാലി കെ.എസ്.ഇ.ബി.എൽ സെക്ഷന് കീഴിൽ കൺസ്യൂമർ നമ്പർ 1156170010625 ഉടമയുടെ വീടിനോട് ചേർന്ന് വൈദ്യുതി ലൈൻമാറ്റി സ്ഥാപിക്കണമെന്ന അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി, ഒരു പോസ്റ്റിട്ട് ലൈൻ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് നല്കുകയും 06.03.2021-ൽ അപേക്ഷകൻ തുക ഒടുക്കുകയും തുടർന്ന് കെ.എസ്.ഇ.ബി.എൽ-ന്റെ മേൽ നോട്ടത്തിൽ ടിയാന്റെ ഉത്തരവാദിത്വത്തിൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതാകുന്നു. ടി ലൈൻ വലിച്ച സമയത്ത് വീടിന്റെ ട്രസ് വർക്ക് നടന്നിരുന്നില്ല, ശേഷം അനധികൃതമായി ലൈനിനടുത്തേയ്ക്ക് ഇരുമ്പ് ഷീറ്റ് ഇട്ട് എക്സ്റ്റൻഷൻ ചെയ്യുകയാണുണ്ടായത്. തുടർന്ന് ലൈൻ അപകടകരമായി തീർന്നതായി വിവിധ അധികാരികൾക്ക് പരാതിക്കാരൻ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും, ഓഫീസിൽ അടക്കേണ്ട ഏകദേശ എസ്റ്റിമേറ്റ് തുക പരാതിക്കാരനെ അറിയിച്ചിട്ടുള്ളതുമാണ്.<br><br>പരാതിക്കാരൻ ആവശ്യപ്പെട്ട പ്രകാരം പഴയ ലൈൻ അഴിച്ച് മാറ്റിയാൽ മറ്റൊരാളുടെ പുരയിടത്തിൽ കൂടി ലൈൻ കടന്നു പോകുമെന്നതിനാൽ, ടി ലൈൻ പൊതു വഴിയിൽ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി, സ്ഥല ഉടമയുടെ സമ്മതപത്രം ഹാജരാ ക്കുവാൻ പരാതിക്കാരനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ തൊട്ടടുത്ത സ്ഥലം ഉടമയുടേതായി പരാതിക്കാരൻ സമർപ്പിച്ച സമ്മതപത്രം പരിശോധിച്ചതിൽ പറമ്പിൽ കൂടി കടന്നു പോകുന്ന ലൈൻ അഴിച്ച് മാറ്റി വഴിയിൽ കൂടി സ്ഥാപിക്കുന്നതിനാണ് സമ്മതം അറിയിച്ചി രിക്കുന്നത് ഈ രീതിയിൽ മാറ്റി സ്ഥാപിക്കുന്ന-തിന് 4 പോസ്റ്റും അനുബന്ധ പ്രതിഷ്ഠാപനങ്ങളും |

| | | | |
|---|---|---|---|
| | | | ആവശ്യമാണ് എന്ന് പരാതിക്കാരനെ അറിയിച്ചിട്ടുള്ളതാകുന്നു. എന്നാൽ പരാതിക്കാരൻ അപേക്ഷ നല്കുകയോ അപേക്ഷ ഫീസ് ഉൾപ്പെടെയുള്ള തുകയോ കെ.എസ്.ഇ. ബി.എൽ-ന്റെ ഓഫീസിൽ നാളിതുവരെ അടച്ചിട്ടില്ലാത്തതാണ്. കൂടാതെ ടി തുക ഒടുക്കുന്നതിന് പരാതിക്കാരന് സമ്മതമ ല്ലായെന്ന് അറിയിക്കുകയാണുണ്ടായത്. |
| (ബി) | പ്രസ്തുത പരാതി നൽകി ഒരു വർഷത്തിലധികമായിട്ടും പരാതിക്ക് പരിഹാരം കാണാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ഇടുക്കി ജില്ലയിലെ അടിമാലി കെ.എസ്.ഇ.ബി.എൽ സെക്ഷന് കീഴിൽ കൺസ്യൂമർ നമ്പർ 1156170010625 ഉടമയുടെ വീടിനോട് ചേർന്ന് വൈദ്യുതി ലൈൻമാറ്റി സ്ഥാപിക്കണമെന്ന അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി, ഒരു പോസ്റ്റിട്ട് ലൈൻ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് നല്കുകയും 06.03.2021-ൽ അപേക്ഷകൻ തുക ഒടുക്കുകയും തുടർന്ന് കെ.എസ്.ഇ.ബി.എൽ-ന്റെ മേൽ നോട്ടത്തിൽ ടിയാന്റെ ഉത്തരവാദിത്വത്തിൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതാകുന്നു. ടി ലൈൻ വലിച്ച സമയത്ത് വീടിന്റെ ട്രസ് വർക്ക് നടന്നിരുന്നില്ല, ശേഷം അനധികൃതമായി ലൈനിനടുത്തേയ്ക്ക് ഇരുമ്പ് ഷീറ്റ് ഇട്ട് എക്സ്റ്റൻഷൻ ചെയ്യുകയാണുണ്ടായത്. തുടർന്ന് ലൈൻ അപകടകരമായി തീർന്നതായി വിവിധ അധികാരികൾക്ക് പരാതിക്കാരൻ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും, ഓഫീസിൽ അടക്കേണ്ട ഏകദേശ എസ്റ്റിമേറ്റ് തുക പരാതിക്കാരനെ അറിയിച്ചിട്ടുള്ളതുമാണ്.<br><br>പരാതിക്കാരൻ ആവശ്യപ്പെട്ട പ്രകാരം പഴയ ലൈൻ അഴിച്ച് മാറ്റിയാൽ മറ്റൊരാളുടെ പുരയിടത്തിൽ കൂടി ലൈൻ കടന്നു പോകുമെന്നതിനാൽ, ടി ലൈൻ പൊതു വഴിയിൽ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി, സ്ഥല ഉടമയുടെ സമ്മതപത്രം ഹാജരാ ക്കുവാൻ പരാതിക്കാരനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ തൊട്ടടുത്ത സ്ഥലം ഉടമയുടേതായി പരാതിക്കാരൻ സമർപ്പിച്ച സമ്മതപത്രം പരിശോധിച്ചതിൽ പറമ്പിൽ കൂടി കടന്നു പോകുന്ന ലൈൻ അഴിച്ച് മാറ്റി വഴിയിൽ കൂടി സ്ഥാപിക്കുന്നതിനാണ് സമ്മതം അറിയിച്ചി രിക്കുന്നത് ഈ രീതിയിൽ മാറ്റി സ്ഥാപിക്കുന്ന-തിന് 4 പോസ്റ്റും അനുബന്ധ പ്രതിഷ്ഠാപനങ്ങളും ആവശ്യമാണ് എന്ന് പരാതിക്കാരനെ അറിയിച്ചിട്ടുള്ളതാകുന്നു. എന്നാൽ പരാതി ക്കാരൻ അപേക്ഷ നല്കുകയോ അപേക്ഷ ഫീസ് ഉൾപ്പെടെയുള്ള തുകയോ കെ.എസ്.ഇ. ബി.എൽ-ന്റെ ഓഫീസിൽ നാളിതുവരെ അടച്ചിട്ടില്ലാത്തതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ ടി തുക ഒടുക്കുന്നതിന് പരാതിക്കാരന് സമ്മതമ ല്ലായെന്ന് അറിയിക്കുകയാണുണ്ടായത്. |
| (സി) | എത്ര കാലയളവിനുള്ളിൽ പരാതി പരിഹരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | പരാതി തീർപ്പാക്കുന്നതിനായി തൊട്ടടുത്ത സ്ഥലം ഉടമയുടെ വേണ്ട രീതിയിലുള്ള സമ്മതപത്രം ആവശ്യമാണ്. കൂടാതെ നിയമ പ്രകാരം അപേക്ഷ നല്കി പുതിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഡെപ്പോസിറ്റ് തുക പരാതിക്കാരൻ ഒടുക്കുന്ന മുറയ്ക്ക് പോസ്റ്റ് മാറ്റി സ്ഥാപിച്ച് പരാതി പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ